

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മതിലകം ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി 9)32/2026

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 16/02/2026
ഇ-മെയിൽ:
dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മതിലകം ബ്ലോക്ക് പഞ്ചായത്ത്

സർ,

വിഷയം : മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ-മെയിൽ)

ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്, തൃശ്ശൂർ (ഇ-മെയിൽ)
കാര്യാലയപ്പകർപ്പ്

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ(പി 9)32/2026 തീയ്യതി: 16/02/2026

തൃശ്ശൂർ ജില്ലയിലെ മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 21-06-2024 മുതൽ 04-01-2026 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2024 മുതൽ 31-03-2025 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 12-01-2026 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
വിനോദ് കെ. കെ.	ജോയിന്റ് ഡയറക്ടർ	05-01-2026	12-01-2026

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
05-01-2026	12-01-2026

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.നിർമ്മൽ കെ.ജി. (ഓഡിറ്റ് ഓഫീസർ ഹ.ഗ്രേഡ്)
ശ്രീമതി.നിലൂഫർ പി.ഐ.(സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി.ധന്യ ദിലീപ് (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി.റിതുമോൾ എം. എസ്. (ഓഡിറ്റർ)

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.സി.കെ ഗിരിജ	പ്രസിഡന്റ്	01-04-2024	31-03-2025
ശ്രീ.മധുരാജ് കെ	സെക്രട്ടറി	01-04-2024	31-03-2025

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ബാബു ടി	അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ	01-04-2024	31-03-2025
ശ്രീമതി.ബിന്ദു എം.യു	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2024	31-03-2025
ശ്രീമതി.അനില മാത്യു	അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ	01-04-2024	17-08-2024
ഒഴിവ്	അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ	18-08-2024	18-08-2024
ശ്രീ.അജിത്ത്.സി.ബി	അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ	19-08-2024	24-10-2024
ശ്രീമതി.റിസമോൾ സൈമൺ	അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രികൾച്ചർ	25-10-2024	31-03-2025
ശ്രീമതി.ലളിത കെ.കെ	വനിത ശിശുവികസന ഓഫീസർ	01-04-2024	31-03-2025
ശ്രീ.വിഷ്ണു എം.എസ്	പട്ടികജാതി വികസന	01-04-2024	31-03-2025

	ഓഫീസർ		
ശ്രീ.വിനോദ് കുമാർ ബി	വ്യവസായ വികസന ഓഫീസർ	01-04-2024	23-08-2024
ഒഴിവ്	വ്യവസായ വികസന ഓഫീസർ	24-08-2024	17-09-2024
ശ്രീ.വിജിൻ.കെ.വി	വ്യവസായ വികസന ഓഫീസർ	18-09-2024	31-03-2025
ശ്രീമതി.വിധു വി.എസ്	ക്ഷീരവികസന ഓഫീസർ	01-04-2024	06-06-2024
ശ്രീമതി.റാണി പ്രിയദർശിനി	ക്ഷീരവികസന ഓഫീസർ	07-06-2024	19-07-2024
ശ്രീമതി.വിധു വി.എസ്	ക്ഷീരവികസന ഓഫീസർ	20-07-2024	02-10-2024
ശ്രീമതി.മഞ്ജുഷ.ടി.വി	ക്ഷീരവികസന ഓഫീസർ	03-10-2024	31-03-2025
ഡോ.സാനു എം	മെഡിക്കൽ ഓഫീസർ ,കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ,പെരിഞ്ഞനം	01-04-2024	31-03-2025

ഉള്ളടക്കം

ക്രമനം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	ബ്ലോക്കിന്റേതല്ലാത്ത ആസ്തികൾ ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തി	1-1-1
3	കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നുള്ള ചെലവ് സുലേഖ പത്രികയിലും വാർഷിക ധനകാര്യ പത്രികയിലും ഉൾപ്പെട്ടിട്ടില്ല	1-1-2
4	നഗരസഞ്ചയ പദ്ധതി - പ്രോജക്ടുകളുടെ വരവ് ചെലവ് തുകകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല	1-1-3
5	പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ - ചെലവഴിക്കാൻ ബാക്കിയുള്ള തുകയും ബാങ്ക് അക്കൗണ്ടുകളുടെ നീക്കിയിരിപ്പ് തുകകളും പൊരുത്തപ്പെടുന്നില്ല	1-1-4
6	Capital Work In Progress തെറ്റായി രേഖപ്പെടുത്തി	1-1-5
7	വാടകയിനത്തിലെ കുടിശ്ശിക - പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല	1-1-6
8	കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല	1-1-7
9	ബാങ്ക് ബുക്ക് നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല	1-1-8
10	വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല	1-1-9
11	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല	1-1-10
12	ബജറ്റ്	1-2
13	ഫണ്ട് വിനിയോഗം	1-3
14	പദ്ധതി അവലോകനം	1-4
15	ക്യാഷ് ബാലൻസ് പരിശോധന	1-5
16	ആഭ്യന്തരനിയന്ത്രണം	1-6
17	രസീത് വൗച്ചറുകൾ ഇഷ്യൂ ചെയ്യുന്നതിൽ കാലതാമസം നേരിടുന്നു	1-7
18	കെട്ടിടങ്ങളിൽ നിന്നുള്ള വാടക - അപാകങ്ങൾ	1-8
19	സ്വിമ്മിംഗ് പൂളിൽ നിന്നുള്ള വരുമാനം - ഉപയോക്താക്കൾക്ക് രസീത് നൽകുന്നില്ല	1-9
20	മുറിച്ചു മാറ്റിയ മരങ്ങൾ ലേലം ചെയ്തിട്ടില്ല	1-10
21	കേരളോത്സവം 2024 - അപാകങ്ങൾ	1-11

22	വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്	1-12
23	കേന്ദ്രാവിഷ്കൃത ഫണ്ട് - സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ്, വാർഷിക കണക്ക് എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല	1-13
24	മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല	1-14
25	ചെലവ് രേഖകൾ ഹാജരാക്കിയില്ല-3,14,587രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	1-15
26	ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ നടപ്പാക്കിയ പദ്ധതികൾ -വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല	1-16
27	പഠന മുറി - നിർമ്മാണം അപാകങ്ങൾ	1-17
28	ഹെൽത്ത് ഗ്രാന്റ് - അവലോകനം	1-18
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
--- No Records Found ---		
ഭാഗം 4		
1	സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം	4-1
2	ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ് സംബന്ധിച്ച്	4-3
4	വായ്പ/വായ്പാ തിരിച്ചടവ്	4-4
5	സ്ഥിരനിക്ഷേപങ്ങൾ	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം	4-7
8	ചാർജ്ജ്- സർചാർജ്ജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	
3	വാർഷിക കണക്കുകളുടെ സംക്ഷിപ്തം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് മതിലകം ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ 20.06.2025 ലെ 1(2)-ാം നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 30.06.2025 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ മാർച്ച് 2025 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെക്കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടുകൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : തൃശ്ശൂർ

തീയതി : 16.02.2026.

ജോയിന്റ് ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

1-1-1 ബ്ലോക്കിന്റേതല്ലാത്ത ആസ്തികൾ ബാലൻസ്ഷീറ്റിൽ ഉൾപ്പെടുത്തി

ബ്ലോക്ക് പഞ്ചായത്തിന്റെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-11 പ്രകാരം താഴെ ചേർക്കുന്ന ആസ്തികൾ ഉള്ളതായി കാണുന്നു.

അക്കൗണ്ട് ശീർഷകം	തുക
410300102- Roads Tarred	21076387
410300105-Roads Earthen	975766
410300103-Roads Metal	16298186
410400103-Drinking Water – Pipelines	1385000
410400101-Drinking Water – Sources	6,790
410500102-Irrigation Distribution System (Pipe, Canal Etc)	533090
410300301 -Culverts	13,172,155

ഈ ആസ്തികളിന്മേൽ ഡിപ്രിസിയേഷൻ കണക്കാക്കി വരുന്നുണ്ട്. മേൽ ആസ്തികൾ ഗ്രാമപഞ്ചായത്ത് സ്ഥലം വിട്ട് നല്കിയതിന്റെ അടിസ്ഥാനത്തിൽ അതാത് ഗ്രാമപഞ്ചായത്തുകൾക്ക് നിർമ്മിച്ച് നല്കിയവയോ ഗ്രാമപഞ്ചായത്തുകളുടെ ചുമതലയിൽപ്പെട്ട വിഷയങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് നിർമാണം നടത്തി അതാത് സ്ഥാപനങ്ങൾക്ക് കൈമാറിയവയാണെന്നും കാണുന്നു. ആയതിനാൽ ഈ ആസ്തികൾ പണി പൂർത്തിയാകുന്നമുറയ്ക്ക് അതാത് ഗ്രാമപഞ്ചായത്തിന് കൈമാറേണ്ടിയിരുന്നതും അതാത് സ്ഥാപനങ്ങൾ ബാലൻസ്ഷീറ്റിൽ ആസ്തിയായി ഉൾപ്പെടുത്തേണ്ടിയിരുന്നതും ബ്ലോക്ക് പഞ്ചായത്ത് ഇവ റവന്യൂ ചെലവ് ആയി രേഖപ്പെടുത്തേണ്ടിയിരുന്നതുമാണ്.

1-1-2 കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നുള്ള ചെലവ് സൂലേഖ പത്രികയിലും വാർഷിക ധനകാര്യ പത്രികയിലും ഉൾപ്പെട്ടിട്ടില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ പി.എം.എ.വൈ. ഗ്രണഭോക്താക്കൾക്ക് വിഹിതം നൽകൽ (ജനറൽ, എസ്.സി.പി), പ്രോജക്കുകളിൽ കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നുള്ള ചെലവ് സൂലേഖ പത്രികയിലും വാർഷിക ധനകാര്യ പത്രികയിലും ഉൾപ്പെടുത്തിയിട്ടില്ല.

ക്രമ നം.	പ്രൊജക്ട് നമ്പരും പേരും	ഫണ്ട്	തുക
1	8/25 -പി.എം.എ.വൈ -ജനറൽ	കേന്ദ്രാവിഷ്കൃത ഫണ്ട്	43,20,000
2	25/25 -പി.എം.എ.വൈ – എസ്.സി.പി	കേന്ദ്രാവിഷ്കൃത ഫണ്ട്	2,40,000
3	109/25 – പി.എം.എ.വൈ – എസ്.സി.പി (സ്പിൽ ഓവർ)	കേന്ദ്രാവിഷ്കൃത ഫണ്ട്	12,00,000

1-1-3 നഗരസഞ്ചയ പദ്ധതി - പ്രോജക്കുകളുടെ വരവ് ചെലവ് തുകകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല

നഗരസഞ്ചയ പദ്ധതി പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്കുകളുടെ വരവ് ചെലവ് വിവരങ്ങൾ വാർഷികകണക്കിൽ ഉൾപ്പെട്ടിട്ടില്ല. മേൽ പദ്ധതിക്ക് 2024-25 വർഷത്തിൽ അനുവദിച്ച തുക അസി. എഞ്ചിനീയറുടെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കൊടുങ്ങല്ലൂർ ശാഖയിലെ 37457706750 നമ്പർ അക്കൗണ്ടിൽ വരവും ചെലവും ആയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രോജക്ട്	പ്രോജക്ടിന്റെ പേര്	തുക അക്കൗണ്ടിൽ	ചെലവഴിച്ച

നം		ക്രെഡിറ്റ് ആയതിന്റെ വിവരം	തുക
158/25	നഗരസഞ്ചയ പദ്ധതി-എടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ നമ്പ്രാട്ടിത്തോട് പാർശ്വഭിത്തി സംരക്ഷണം	22.10.2024 &26.03.2025	13,76,101
159/25	നഗരസഞ്ചയ പദ്ധതി-മതിലകം ഗ്രാമപഞ്ചായത്തിലെ ആനാംതോട് പാർശ്വഭിത്തി സംരക്ഷണം	22.10.2024	21,43,561

1-1-4 പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ - ചെലവഴിക്കാൻ ബാക്കിയുള്ള തുകയും ബാങ്ക് അക്കൗണ്ടുകളുടെ നീക്കിയിരിപ്പ് തുകകളും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകൾ, ഗുണഭോക്തൃവിഹിതം എന്നീ ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/2025ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൗണ്ടുകളുടെ 31/3/2025-ലെ നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്. അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു. ഇപ്രകാരം പ്രത്യേകോദ്ദേശ്യ വിഹിതങ്ങൾ, ഗുണഭോക്തൃവിഹിതം എന്നിവ തനത് ഫണ്ടിൽ നിക്ഷേപിച്ച സംഗതികളിൽ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

	ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -4			ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി -17		
ക്രമനമ്പർ	ശീർഷകം	ഇനം	തുക	ശീർഷകം	ബാങ്ക് അക്കൗണ്ട്	തുക
1	320100115	Centrally Sponsored Scheme-Total Sanitation Campaign	27,82,886	450610104	Canara Bank TSC Fund (50179)	28,31,692
	320300103	Grants Funds &Contribution For Specific Purpose-Total Sanitation	21,866			
	320200319	Grant For Solid Waste Management	47,000			
			28,51,752			
2	320200104	Development Fund -CFC Grant	90,80,096	450650103	VPFA-IV CFC - Award Grant	1,41,20,370
	320200111	Development Fund -CFC Grant Tied	52,67,636			

	320200112	Development Fund -CFC Grant Untied	5,36,410
			1,48,84,142

1-1-5 Capital Work In Progress തെറ്റായി രേഖപ്പെടുത്തി

അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിൽ 31/3/2025 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2025-ൽ പണി പൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 21,06,786 രൂപയാണ്. എന്നാൽ 31/3/2025-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ പ്രകാരം Capital Work In Progress എന്ന ശീർഷകത്തിൽ ചേർത്തിരിക്കുന്ന തുക 67,66,359 രൂപയാണ്.

1-1-6 വാടകയിനത്തിലെ കുടിശ്ശിക - പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വാടകയിനത്തിൽ 35,74,195 രൂപ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയേതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീയതി: 26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 58 (4) എച്ച്) പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

1-1-7 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -1,16,55,485 രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -99,26,844 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

1-1-8 ബാങ്ക് ബുക്ക് നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല

താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകളുടെ ബാങ്ക് റികൺസിലിയേഷൻ പത്രികയിൽ രേഖപ്പെടുത്തിയിരിക്കുന്ന 31.03.2025ലെ ബാങ്ക് ബുക്ക് നീക്കിയിരിപ്പ് തുക യഥാർത്ഥ ബാങ്ക് ബുക്ക് നീക്കിയിരിപ്പ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

ക്രമ നം	ബാങ്ക് അക്കൗണ്ട് നം	ബാങ്ക് ബുക്ക് നീക്കിയിരിപ്പ് (റീകൺസിലിയേഷൻ പത്രിക പ്രകാരം)	യഥാർത്ഥ ബാങ്ക് ബുക്ക് നീക്കിയിരിപ്പ്	വ്യത്യാസം
1	Bank Of Baroda (Own Fund) A/C No. 11300100007628	46,51,591	46,51,324	267
2	Bank Of Baroda (CFC Award Grant) A/C No.	1,46,65,986	14,120,370	5,45,616

	11300100020197			

1-1-9 വാർഷിക കണക്കിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല

1) വാടക ഡിമാന്റ് രജിസ്റ്ററിൽ കുടിശ്ശിക, തൻവർഷം സംബന്ധിച്ച ഡിമാന്റ്, കളക്ഷൻ, ബാലൻസ് സംക്ഷിപ്തം എഴുതി സൂക്ഷിച്ചിട്ടില്ല.

2) അഡ്വാൻസ് രജിസ്റ്ററിൽ Other Advance സംബന്ധിച്ച 2023-24 മുതലുള്ള വിവരങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മുന്നിരിപ്പ്, ബാലൻസ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. 2024-25-ലെ വിവരങ്ങളും കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. അഡ്വാൻസ് രജിസ്റ്റർ കൃത്യമായി എഴുതി സൂക്ഷിക്കാത്തതിനാൽ അഡ്വാൻസ് നൽകിയതിന്റെയും തിരികെ ലഭിച്ചതിന്റെയും/അഡ്ജസ്റ്റ് ചെയ്തതിന്റെയും കൃത്യത ഉറപ്പ് വരുത്താൻ സാധിച്ചില്ല.
3) ഡെപ്പോസിറ്റ് രജിസ്റ്ററിൽ Contractors Retention സംബന്ധിച്ച 2023-24 മുതലുള്ള വിവരങ്ങൾ മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മുന്നിരിപ്പ്, നീക്കിയിരിപ്പ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. 2024-25 ലെ വിവരങ്ങളും കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല. മറ്റ ഡെപ്പോസിറ്റ് വിവരങ്ങൾ എഴുതി സൂക്ഷിച്ചിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായിഎഴുതി സൂക്ഷിക്കാത്തതിനാൽ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-7-ൽ ഉൾപ്പെട്ട എല്ലാ ശീർഷകങ്ങളിലേയും വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

4) പ്രത്യേക ഉദ്ദേശ്യ ഫണ്ടുകൾ - അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

1-1-10 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

1-2 ബജറ്റ്

പാസ്സാക്കിയ തിയതി	12/02/2024	
കമ്മിറ്റി തീരുമാനം	1(1)	
പ്രതീക്ഷിത വരവ് , ചെലവ് എന്നിവ	വരവ്	ചെലവ്
	42,46,56,463	41,22,58,200
റിവൈസ്ഡ് ബജറ്റ്		
പാസ്സാക്കിയ തിയതി കമ്മിറ്റി തീരുമാനം റിവൈസ്ഡ് ബജറ്റ്	24/02/2025	
കമ്മിറ്റി തീരുമാനം	1(1)	
പ്രതീക്ഷിത വരവ് , ചെലവ് എന്നിവ	വരവ്	ചെലവ്
	19,98,94,843	19,01,51,199

1-3 ഫണ്ട് വിനിയോഗം

ഫണ്ടിനം	ഒ.ബി	വരവ്	ആകെ	ചെലവ്	സി.ബി
വികസന ഫണ്ട്-ജനറൽ	0	4,01,35,000	4,01,35,000	3,85,31,203	16,03,797
വികസന ഫണ്ട്-എസ്.സി.പി	0	1,89,71,000	1,89,71,000	96,59,691	93,11,309
വികസന ഫണ്ട്-ടി.എസ്.പി	0	0	0	0	0
മെയിന്റനൻസ്, നോൺ-റോഡ്	0	1,15,66,000	1,15,66,000	95,84,782	19,81,218

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ബാങ്ക് ടൈഡ് & അൺടൈഡ്)	45,92,092	22250150 {6762674 (അൺടൈഡ്)+ 14933000 (ടൈഡ്)+ 554476 (പലിശ)}	2,68,42,242	1,77,62,146	90,80,096
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ട്രഷറി ടൈഡ് & അൺടൈഡ്)	0	15,51,170	15,51,170	12,19,866	3,31,304
ഹെൽത്ത് ഗ്രാന്റ്	20,58,937	42,78,694	63,37,631	18,06,867	45,30,764

സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് Tied &Untied ന്റെ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ മുന്നിരിപ്പ്, പലിശ എന്നിവ ഉൾപ്പെടുത്തിയിട്ടില്ല. അവ കൂടി ഉൾപ്പെടുത്തിയ തുകകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്. സെൻട്രൽ ഫിനാൻസ് കമ്മീഷൻ ടൈഡ് ഗ്രാന്റ് & അൺടൈഡ് ഗ്രാന്റ് എന്നിവ 320200104 എന്ന ഒറ്റ ശീർഷകത്തിൽ വരവായി എടുത്തിട്ടുള്ളതിനാൽ മുന്നിരിപ്പ് വേർതിരിച്ച് എടുക്കാൻ സാധിച്ചിട്ടില്ല.

അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ പ്രത്യേക ഉദ്ദേശ്യ ഫണ്ടുകളുടെ മുൻബാക്കി, വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകളുടെ വിവരങ്ങൾ ലഭ്യമല്ല.

1-4 പദ്ധതി അവലോകനം

അംഗീകാരം ലഭിച്ചത് (എണ്ണം)	അംഗീകരിച്ച പദ്ധതി അടങ്കൽ തുക	നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കിയ പദ്ധതി ചെലവ് തുക	നടപ്പാക്കിയ പദ്ധതി ത്തുകയുടെ ശതമാനം	നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം
195	16,31,99,338	156	10,56,23,930	64.72	80

1-5 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന തീയതിയിൽ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്നുള്ളത് ബോധ്യപ്പെട്ടു.

1-6 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തരനിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

1-7 രസീത് വൗച്ചറുകൾ ഇഷ്യൂ ചെയ്യുന്നതിൽ കാലതാമസം നേരിടുന്നു

ഡേ ബുക്ക്, തനതു വരുമാനം ഒടുക്കുന്ന ബാങ്ക് ഓഫ് ബറോഡയിലെ 11300100007628, 11300100022695 – അക്കൗണ്ടുകൾ പരിശോധിച്ചതിൽ, ബാങ്ക് അക്കൗണ്ടിൽ നേരിട്ട് പണം അടവാക്കി ദിവസങ്ങൾക്കുശേഷമാണ് തുകകൾ ഡേ ബുക്ക് പ്രകാരം റസീപ്റ്റ് ചെയ്യുന്നത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	ബാങ്കിൽ പണം അടവാക്കിയ തീയതി	ബാങ്കിൽ അടവാക്കിയ തുക	ബാങ്ക് അക്കൗണ്ട് നം.	ഡേ ബുക്ക് രസീത് നം	ഡേ ബുക്ക് - തീയതി	ഡേ ബുക്ക് രസീത് പ്രകാരം അടവാക്കിയ തുക
1	12-06-25	28,320	1130010007628	R-	19-06-2025	14160

				BO81400-25000019		
2				R-BO81400-25000023	28-06-2025	14160
3	17-06-2025	4602	1130010007628	R-BO81400-25000028	10-07-2025	4602
4	19-06-2025	2414	1130010007628	R-BO81400-25000021	21-06-2025	2414
5	20-05-2025	17,600	11300100022695	R-BO81400-25000024	28-06-2025	17600
6	6-08-2025	4756	11300100022695	R-BO81400-25000032	6-08-25	2414
7				R-BO81400-25000036	19-08-2025	2342

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 20 പ്രകാരം പഞ്ചായത്തിൽ ലഭിക്കുന്ന തുകകൾക്ക് രസീത് നൽകേണ്ടതാണെന്നും ചട്ടം 23 പ്രകാരം പ്രതിദിനം പിരിച്ചെടുക്കുന്ന തുകകൾ രസീത് വൗച്ചർ മുഖേനെ അക്കൗണ്ട് ചെയ്യേണ്ടതാണെന്ന് നിഷ്കർഷിക്കുന്നുണ്ട് . മേൽ രീതിയിൽ രസീതുകൾ ജനറേറ്റ് ചെയ്യുതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13/12.01.2026) മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും പഞ്ചായത്ത് പിരിച്ചെടുക്കുന്ന തുകകൾക്ക് ലഭിക്കുന്ന ദിവസം തന്നെ രസീത് നൽകി ബാങ്ക് അക്കൗണ്ടിൽ അടവാക്കേണ്ടതുമാണ്.

1-8 കെട്ടിടങ്ങളിൽ നിന്നുള്ള വാടക - അപാകങ്ങൾ

1. കടമുറികൾ ലേലം ചെയ്യാതെ ഒഴിഞ്ഞു കിടക്കുന്നു

വാടക രജിസ്റ്റർ പരിശോധിച്ചതിൽ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞു കിടക്കുന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	റൂം നമ്പർ	സ്ഥലം
1	6	എറിയാട്
2	24	വേക്കോട്
3	42	മൂന്നുപീടിക
4	43	മൂന്നുപീടിക
5	44	മൂന്നുപീടിക
6	45	മൂന്നുപീടിക
7	46	മൂന്നുപീടിക
8	49	മൂന്നുപീടിക
9	50	മൂന്നുപീടിക

മേൽ കടമുറികൾ ലേലം ചെയ്ത് നൽകി തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ

സ്വീകരിയ്ക്കേണ്ടതും രേഖകൾ ഹാജരാക്കേണ്ടതു മാണ്.

2. വാടക – കുടിശ്ശിക വൻതുകകൾ പിരിച്ചെടുക്കാതെ അവശേഷിക്കുന്നു

വാർഷിക ധനകാര്യപത്രികയിലെ B-15 ഷെഡ്യൂൾ പ്രകാരം 2024-25 വർഷത്തെ വാടക കുടിശ്ശികയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ശീർഷകം	തുക
431400101 – വാടക കുടിശ്ശിക തൻവർഷം	10,83,154
431400102 – വാടക കുടിശ്ശിക മുൻവർഷം	35,74,195
ആകെ	46,57,349

ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ വേക്കോട് സ്ഥിതി ചെയ്യുന്ന വ്യവസായ കേന്ദ്രത്തിൽ, വാടകയിനത്തിൽ കുടിശ്ശിക വരുത്തിയിട്ടുള്ള പ്രിൻസി എം.സി, കോമളം ഒ.കെ, സബി ഫിറോസ്, ഇന്നു നിവിൻ, ഷിജി പ്രദീപൻ എന്നിവർ ബ്ലോക്ക് പഞ്ചായത്തിനെ പ്രതി ചേർത്തു കൊണ്ട് WP(C) 33518/2023 ഫയൽ ചെയ്യുകയും ആയതിന് 09/09/2024 ന് ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ടി ഉത്തരവ് പ്രകാരം, മേൽ പറഞ്ഞവരുടെ 2024 ജൂൺ മാസം വരെയുള്ള കുടിശ്ശികയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	റൂം നം	വാടകക്കാരന്റെ പേര്	വാടക കുടിശ്ശികയായ മാസം	കുടിശ്ശിക തുക
1	8 & 9	പ്രിൻസി എം.സി	ജൂൺ 2019 –ജൂൺ 2024	7,56,504
2	29	കോമളം ഒ.കെ	ജൂലൈ 2020 –ജൂൺ 2024	2,20,560
3	14	സബി ഫിറോസ്	ഡിസംബർ 2021- ജൂൺ 2024	1,48,320
4	19 & 20	ഇന്നു നിവിൻ	മാർച്ച് 2021 - ജൂൺ 2024	4,72,700
5	17 &18	ഷിജി പ്രദീപൻ	ജൂൺ 2020 –ജൂൺ 2024	4,99,555
2024			ആകെ	20,97,639

മേൽ കുടിശ്ശിക തുകകളുടെ 50% അടവാക്കുന്നതിന് 3 ആഴ്ച സമയം പരാതിക്കാർക്ക് അനുവദിക്കുകയും ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം പഞ്ചായത്തിന് നിയമാനുസൃത നടപടികൾ സ്വീകരിക്കാവുന്നതാണെന്നും മേൽ കോടതി ഉത്തരവിൽ പരാമർശിച്ചിട്ടുള്ളതുമാണ്. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ മേൽ വാടകക്കാർ കുടിശ്ശിക തുക അടവാക്കിയതിന്റെയും ആയത് രസീപ്റ്റ് ചെയ്തതിന്റെയും വിവരങ്ങൾ, B-15 ഷെഡ്യൂൾ പ്രകാരം വാടക കുടിശ്ശികയാക്കിയവരുടെ വിവരങ്ങൾ, ആയത് ഈടാക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ ഹാജരാക്കേണ്ട താണ്.
(ഓഡിറ്റ് എൻകയറി നം. 5 /9.01.2026)

1-9 സ്വിമ്മിംഗ് പൂളിൽ നിന്നുള്ള വരുമാനം - ഉപയോക്താക്കൾക്ക് രസീത് നൽകുന്നില്ല

മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ പ്രവർത്തിക്കുന്ന സ്വിമ്മിംഗ് പൂളിന് ഈടാക്കാവുന്ന ഫീസ് 21-08-2024-ൽ ചേർന്ന ഭരണ സമിതിയുടെ 6(3) തീരുമാന പ്രകാരം ഒരാൾക്ക് 20 ദിവസത്തെ പരിശീലനത്തിന് 2,500 രൂപയും ഒരു മാസത്തെ പരിശീലനത്തിന് 3,200 രൂപയും ഒരു മണിക്കൂറിന് 100 രൂപയും നിശ്ചയിച്ചിട്ടുള്ളതാണ്. പരിശീലന കേന്ദ്രത്തിൽ രജിസ്റ്റർ സൂക്ഷിച്ച് ആയതിൽ ഫീസ് രേഖപ്പെടുത്തുകയും പഞ്ചായത്ത് നിയോഗിച്ചിട്ടുള്ള ട്രെയിനർ ടി തുകകൾ പഞ്ചായത്തിൽ അടവാക്കുകയുമാണ് ചെയ്യുന്നത്. സ്വിമ്മിംഗ് പൂളിൽ പരിശീലനത്തിനായി എത്തുന്നവരിൽ നിന്ന് ഈടാക്കുന്ന ഫീസിന് ടി വ്യക്തികൾക്ക് രസീതുകൾ നൽകുന്നില്ല. ആയതിനാൽ പരിശീലന കേന്ദ്രത്തിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിലെ ഫീസ് വിവരങ്ങളുടെ കൃത്യത ഉറപ്പു വരുത്താനായിട്ടില്ല. പഞ്ചായത്തിൽ ഫീസ് അടവാക്കുമ്പോൾ ആയതിന് നൽകുന്ന രസീതുകൾ ട്രയിനറുടെ കൈവശമുള്ള കളക്ഷൻ രജിസ്റ്ററിൽ സൂക്ഷിക്കുന്നതിന് പകരം പഞ്ചായത്ത് സെക്ഷനിലാണ് സൂക്ഷിക്കുന്നത് . മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 14/12.01.2026) ന് മറുപടി ലഭ്യമാക്കിയില്ല. സ്വമ്മിംഗ് പൂൾ ഉപയോഗിക്കുന്നവർക്ക് രസീതുകൾ നൽകേണ്ടതും പഞ്ചായത്തിൽ തുക അടവാക്കുമ്പോൾ ലഭിക്കുന്ന രസീതുകൾ കളക്ഷൻ രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതുമാണ്.

1-10 മുറിച്ചു മാറ്റിയ മരങ്ങൾ ലേലം ചെയ്തിട്ടില്ല

തനത് ഫണ്ട് - പണം പിൻവലിക്കലുകൾ പരിശോധിച്ചതിൽ വിവിധ തീയതികളിലായി മരം മുറിച്ചു മാറ്റിയതിന് കൂലിയായി വ്യക്തികൾക്ക് പണം നൽകിയിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	മുറിച്ചു മാറ്റിയ മരത്തിന്റെ വിവരങ്ങൾ	സെക്രട്ടറിയുടെ നടപടി ക്രമം/ തീയതി	കൂലിയിനത്തിൽ നൽകിയ തുക/ ബിൽ നം
1	ഐ.സി.ഡി.എസ്, കൊടുങ്ങല്ലൂർ ഓഫീസ് കോമ്പൗണ്ടിൽ സ്ഥിതി ചെയ്തിരുന്ന മരം	സി .726/2024 തീയതി.20.4.2024	2500/ 10-24/25
2	ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ സ്ഥിതി ചെയ്തിരുന്ന തെങ്ങ്, ചൂള മരം	സി. 758/2024 തീയതി.24.05.2024	10,200/ 21-24/25
3	ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ സ്ഥിതി ചെയ്തിരുന്ന തെങ്ങ്	ബി. 1038(2)/2024 തീയതി.11.09.2024	3500 /*85-24/*25
4	ബ്ലോക്ക് പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിൽ സ്ഥിതി ചെയ്തിരുന്ന ക്രിസ്മസ് മരം	ബി. 1626/2024 തീയതി.29.10.2024	8000/ 109-24/25
ആകെ			24,200

ടി മരങ്ങൾ മുറിച്ചുമാറ്റിയത് സംബന്ധിച്ച ട്രീ കമ്മിറ്റി തീരുമാനങ്ങൾ, ടി മരങ്ങൾ ലേലം ചെയ്ത വിവരങ്ങൾ എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 9/9.01.2026) മറുപടി ലഭ്യമാക്കിയില്ല. ടി മരങ്ങൾ മുറിച്ചുമാറ്റിയത് സംബന്ധിച്ച ട്രീ കമ്മിറ്റി തീരുമാനങ്ങൾ, മരങ്ങൾ ലേലം ചെയ്തതിന്റെ വിവരങ്ങൾ എന്നിവ ഹാജരാക്കേണ്ടതാണ്.

1-11 കേരളോത്സവം 2024 - അപാകങ്ങൾ

കേരളോത്സവം 2024 – തനത് ഫണ്ടിൽ നിന്നുള്ള പണം പിൻവലിക്കലുകൾ പരിശോധിച്ചതിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1 . കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ നിന്നുള്ള ഗ്രാന്റ് – റീ കൂപ്പ് ചെയ്തിട്ടില്ല

സ.ഉ (സാധാ) നം.2151/2024 ത.സ്വ.ഭ.വ തീയതി 11-11-2024 പ്രകാരം കേരളോത്സവം നടത്തിപ്പിനായി 150,000 രൂപ പ്ലാൻ /തനത് ഫണ്ടിൽ നിന്നും 12/11/2024 ലെ ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർ, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ന്റെ 172/24/ ഡി.വൈ.സി.ടി.എസ്.ആർ കത്ത് പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾക്ക് 1,00,000 രൂപയുടെ ഗ്രാന്റ് അനുവദിക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുള്ളതായും അറിയിച്ചിട്ടുണ്ട്. കേരളോത്സവം- 2024ന്റെ നടത്തിപ്പിനായി 2,50,000 രൂപ തനതുഫണ്ടിൽ നിന്ന് ചിലവഴിക്കുകയും പിന്നീട് പ്ലാൻ ഫണ്ടിൽ നിന്ന് 1,50,000 രൂപ പ്രൊജക്ട് നം. 38/2024 പ്രകാരം റീകൂപ്പ് ചെയ്തിട്ടുണ്ട്. എന്നാൽ കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് വിഹിതമായ 1,00,000 രൂപ റീകൂപ്പ് ചെയ്തിട്ടില്ല. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ നിന്ന് ഗ്രാന്റ് തുക ലഭ്യമായതിന്റെ വിവരം, ഗ്രാന്റ് തുക ലഭ്യമാകാത്ത പക്ഷം ആയത് ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്നിവ ഹാജരാക്കേണ്ടതാണ്.

2. വിധികർത്താക്കളുടെ വിവരങ്ങൾ ലഭ്യമല്ല

കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് പുറത്തിറക്കിയിട്ടുള്ള കേരളോത്സവം -2024 മാർഗ്ഗനിർദേശത്തിലെ അധ്യായം -3 ൽ ബ്ലോക്ക്തല സംഘാടക സമിതിയുടെ ജനറൽ കൺവീനർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ആയിരിക്കണമെന്നും അധ്യായം 4-ൽ ജനറൽ കൺവീനർ യോഗ്യരായ വിധികർത്താക്കളെ കണ്ടെത്തി നിയമനം നടത്തേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ വിധികർത്താക്കളുടെ പേര് വിവരങ്ങൾ, യോഗ്യത, ടി വിധികർത്താക്കൾ ജഡ്ജ് ചെയ്യുന്ന ഐറ്റം, ഇവരുടെ ഹാജർ എന്നിവ ഫയലിൽ ലഭ്യമല്ല. കേരളോത്സവം തുടർ വർഷങ്ങളിൽ സംഘടിപ്പിക്കുമ്പോൾ യോഗ്യരായ വിധികർത്താക്കളെ കണ്ടെത്തി നിയമനം നടത്തേണ്ടതും ടി വ്യക്തികളുടെ ഹാജർ സൂക്ഷിക്കേണ്ടതുമാണ്.

3. പണം ചെലവു ചെയ്തതിന്റെ ഉദ്യേശ്യം വ്യക്തമല്ല

രാഹുൽ ബാബു എ.എസ്. എന്നീ വ്യക്തിയ്ക്ക് സ്പോർട്സ് ഐറ്റം എന്ന ആവശ്യത്തിനായി വിവിധ തീയതികളിലായി പണം കൈമാറിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം	വൗച്ചർ നം / തീയതി	തുക
1	33/11.12.2024	6000
2	34/16.12.2024	15,000
3	35/18.12.2024	1000
4	36/18.12.2024	5000
5	37/20.12.2024	7000
6	38/20.12.2024	6000
7	39/21.12.2024	8000
ആകെ		48,000

മേൽ തുകകൾ ചെലവഴിച്ചതിന്റെ ഉദ്യേശ്യവും ടി തുകകൾ ചെലവഴിക്കുന്നതിന് അംഗീകാരം നൽകികൊണ്ടുള്ള ഭരണ സമിതി തീരുമാനവും ലഭ്യമാക്കേണ്ടതാണ്.

4. വാങ്ങൽ നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല

കേരളോത്സവം 2024 ബ്ലോക്ക്തല വിജയികൾക്കുള്ള 48,465 രൂപയുടെ ട്രോഫികൾ ടിച്ചൂർ ട്രോഫീസ് ,മറ്റം എന്ന സ്ഥാപനത്തിൽ നിന്ന് ഇൻവോയ്സ് നം. GB8918/2024-25 തീയതി: 19.12.2024 പ്രകാരം പർച്ചേസ് ചെയ്തിട്ടുണ്ട്. ടി സ്ഥാപനത്തിൽ നിന്നുള്ള പർച്ചേസിന് ആധാരമായിട്ടുള്ള ക്വട്ടേഷനുകളോ ആയത് അംഗീകരിച്ചു കൊണ്ടുള്ള കമ്മിറ്റി തീരുമാനമോ ഫയലിൽ ലഭ്യമല്ല. സ.ഉ(പി) നം. 259/2010 /ത.സ്വ.ഭ.വ. തീയതി 08.11.2020 പ്രകാരം പുറത്തിറക്കിയിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായിട്ടുള്ള പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ ഖണ്ഡിക 3 എ 2 പ്രകാരം ബ്ലോക്ക് തലത്തിൽ 5000 രൂപയ്ക്ക് മുകളിലുള്ളതും 50,000 രൂപ വരെ മതിപ്പ് വരുന്നതുമായ പർച്ചേസുകൾ ക്വട്ടേഷനുകൾ വഴിയാണ് നടത്തേണ്ടത്. എന്നാൽ മേൽ നടപടി ക്രമം പാലിച്ചിട്ടില്ല. ഭാവിയിൽ ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കേണ്ടതും വാങ്ങൽ നടപടി ക്രമങ്ങൾ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖ പ്രകാരമാണ് നടപ്പിലാക്കുന്നതെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തുകയും

ചെയ്യേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം. 8/09.01.2026)

1-12 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ ചേർക്കുന്ന പ്രൊജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ഫയലിൽ ഇല്ല. ആയത് ലഭ്യമാകുന്ന മുറക്ക് ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നമ്പർ-12/12.01.2026)

പ്രോജക്ട് നമ്പർ/പ്രോജക്ട്	തുക	വൗച്ചർ നമ്പർ തീയതി/ ഫണ്ട്	റിമാർക്സ്
64/25-പത്താംതരം, ഹയർസെക്കന്ററി തുല്യത -പഠിതാക്കളുടെ കോഴ്സ് ഫീസ്	2,60,650	22400606/29.01.25(CFC)	ഡയറക്ടർ, സംസ്ഥാന സാക്ഷരത മിഷൻ

1-13 കേന്ദ്രാവിഷ്കൃത ഫണ്ട് - സുലേഖ ചെലവ് സ്റ്റേറ്റ്മെന്റ്, വാർഷിക കണക്ക് എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല

സെക്രട്ടറി നിർവ്വഹണം നടത്തിയ പി.എം.എ.വൈ. ഗ്രണഭോക്താക്കൾക്ക് വിഹിതം നൽകുന്ന പ്രോജക്ടുകളിൽ (ജനറൽ, എസ്.സി) കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നും ചെലവഴിച്ച തുകകളുടെ വിവരം പ്ലാൻ ചെലവ് നിരീക്ഷിക്കുന്ന സുലേഖ സോഫ്റ്റ്വെയറിൽ നിന്നുള്ള പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. ഈ തുക വരുമാനമായും ചെലവായും വാർഷിക കണക്കിലും ഉൾപ്പെടുത്തിയിട്ടില്ല. ചെലവു വിവരങ്ങൾ ചുവടെ ചേർക്കുന്നു.

എ) പ്രോജക്ട് നമ്പർ- 8/25

പ്രോജക്ടിന്റെ പേര്- പി.എം.എ.വൈ – ജനറൽ

ഫണ്ടിനം	വികസനഫണ്ട് (ജനറൽ)	കേന്ദ്രാവിഷ്കൃത ഫണ്ട്	ഗ്രാമപഞ്ചായത്ത് വിഹിതം	ജില്ലാ പഞ്ചായത്ത് വിഹിതം	ആകെ
അടങ്കൽ	40,32,000	43,20,000	25,20,000	35,28,000	1,44,00,000
ചെലവ് (സുലേഖ പത്രിക പ്രകാരം)	40,32,000	0	21,70,000	6,86,000	68,88,000

ബി) പ്രോജക്ട് നമ്പർ- 25/25

പ്രോജക്ടിന്റെ പേര്- പി.എം.എ.വൈ – എസ്.സി.പി

ഫണ്ടിനം	വികസനഫണ്ട്- എസ്.സി.പി	കേന്ദ്രാവിഷ്കൃത ഫണ്ട്	ഗ്രാമപഞ്ചായത്ത് വിഹിതം	ജില്ലാ പഞ്ചായത്ത് വിഹിതം	ആകെ
അടങ്കൽ	8,96,000	12,00,000	6,30,000	7,84,000	35,10,000
ചെലവ് (സുലേഖ പത്രിക പ്രകാരം)	0	0	70,000	0	70,000

സി) പ്രോജക്ട് നമ്പർ- 109/25

പ്രോജക്ടിന്റെ പേര്- പി.എം.എ.വൈ. – എസ്.സി.പി (സ്പിൽ ഓവർ)

ഫണ്ടിനം	വികസനഫണ്ട്-എസ്.സി.പി	കേന്ദ്രാവിഷ്കൃത ഫണ്ട്	ഗ്രാമപഞ്ചായത്ത് വിഹിതം	ജില്ലാ പഞ്ചായത്ത് വിഹിതം	ആകെ
അടങ്കൽ	8,96,000	12,00,000	6,30,000	7,84,000	35,10,000
ചെലവ് (സൂലേഖ പത്രിക പ്രകാരം)	0	0	70,000	0	70,000

ബ്ലോക്ക് പഞ്ചായത്തിന്റെ എല്ലാ വരുമാനങ്ങളും ചെലവുകളും വാർഷിക ധനകാര്യ പത്രികയിൽ കൃത്യമായി രേഖപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.
മേൽ അപാകതയ്ക്ക് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.7/8.01.26) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-14 മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല

മെഡിക്കൽ ഓഫീസർ, സി.എച്ച്.സി. പെരിഞ്ഞനം, നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടിൽ മരുന്നിനായി താഴെ പറയും പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ തുക അടവാക്കിയിട്ടുള്ളതാണ്. എന്നാൽ മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദാംശം താഴെ ചേർക്കുന്നു

1.76/25 -പെരിഞ്ഞനം സി എച്ച്.സി.യി.ലേക്ക് മരുന്ന് വാങ്ങൽ

ക്രമ നം	വൗച്ചർ നമ്പർ/ തിയതി	പ്രൊഫോർമ നമ്പർ	തുക (₹)	ലഭിച്ച മരുന്നുകളുടെ മൂല്യം	ലഭിക്കുവാനുള്ള മരുന്നുകളുടെ മൂല്യം
1	22400408/19.07.24	PRF 194/29.05.24	1,60,636	0	1,60,636
2	22401003/26.03.25	PRF 4790/25.03.25	6,22,558	0	6,22,558
ആകെ					7,83,194

2.5/25- മാടവന എഫ്.എച്ച്.സി.യിലേക്ക് മരുന്ന് വാങ്ങൽ

ക്രമ നം	വൗച്ചർ നമ്പർ/ തിയതി	പ്രൊഫോർമ നമ്പർ	തുക (₹)	ലഭിച്ച മരുന്നുകളുടെ മൂല്യം	ലഭിക്കുവാനുള്ള മരുന്നുകളുടെ മൂല്യം
1	22400510/5.11.24	PRF 1690/22.10.24	1,99,115	0	1,99,115
2	22400511/5.11.24	PRF1689/22.10.24	1,39,301	0	1,39,301
3	22400640/4.12.24	PRF 2193//26.11.24	4,08,590	0	4,08,590
ആകെ					7,47,006

മരുന്ന് ലഭ്യമാക്കുന്നതിനായി തുടർനടപടി സ്വീകരിക്കേണ്ടതും, മരുന്ന് ലഭ്യമാക്കി ഒറിജിനൽ ഇൻവോയ്സ്, സ്റ്റോക്കിലെടുത്തതിന്റെ വിവരങ്ങൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ് (ഓഡിറ്റ് എൻക്വയറി നമ്പർ 10/12.01.2026).

1-15 ചെലവ് രേഖകൾ ഹാജരാക്കിയില്ല-3,14,587രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയിട്ടുള്ള താഴെ പറയുന്ന പ്രോജക്ടുകളുടെ ചെലവഴിച്ചിരിക്കുന്ന തുകകളുടെ ബില്ലുകൾ, ചെലവ് രേഖകൾ /വൗച്ചറുകൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

ക്രമ നം.	പ്രോജക്ട് നമ്പർ	ഫണ്ടിനം	ചെലവ് തുക	വൗച്ചർ നമ്പർ	വൗച്ചറുകൾ ലഭ്യമാക്കാത്ത ചെലവ് തുക	റിമാർകസ്
1.	161/25	റോഡിതരം	51,605	22400700/24.12.24	51,605	TR-59E) ബില്ലുകളും ചെലവ് വൗച്ചറുകളും ലഭ്യമാക്കിയില്ല.
2.	115/25	വികസനഫണ്ട്	1,00,280	22400359/18.05.24	1,00,280	TR-59E) ബില്ലുകളും ചെലവ് വൗച്ചറുകളും ലഭ്യമാക്കിയില്ല.
3.	116/25	വികസനഫണ്ട്	1,02,600	22400358/18.05.24	1,02,600	TR-59E) ബില്ലുകളും ചെലവ് വൗച്ചറുകളും ലഭ്യമാക്കിയില്ല.
4.	119/25	വികസനഫണ്ട്	6,862	22400355/18.05.24	6,862	TR-59E) ബില്ലുകളും ചെലവ് വൗച്ചറുകളും ലഭ്യമാക്കിയില്ല
